# സി.ഐ.എയുടെ ഒളിസങ്കേതങ്ങളിൽ ഇനിയും എത്രയോ പേർ

അമേരിക്കൻ പ്രസിഡന്റ് ബുഷിന്റെ ഭരണ 'നേട്ട'ങ്ങളിൽ ഒന്നാണ് extra ordinary rendition എന്ന പ്രയോഗം. ഏറ്റവും പുതിയ കോളിൻസ് ഇംഗ്ലീഷ് നിഘണ്ടുവിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. സാധാരണഗതിയിൽ അമേരിക്കൻ പോലീസോ രഹസ്യാന്വേഷണ സംഘമോ സംശയത്തിന്റെ പേരിൽ പിടികൂടിയ വ്യക്തികളെ അമേരിക്കൻ നീതിന്യായ വ്യവസ്ഥ അനുശാസിക്കുന്ന പ്രകാരമേ കൈകാര്യം ചെയ്യാനാവൂ. ഇതിൽനിന്ന് രക്ഷപ്പെടാൻ അമേരിക്കൻ ഭരണകൂടത്തിന് കടിഞ്ഞാൺ പിടിക്കുന്ന നവയാഥാസ്ഥിതികർ പുതിയൊരു അടവ് പ്രയോഗിച്ചു. ഒന്നുകിൽ പിടികൂടിയവരെ അമേരിക്കയുടെ ആജ്ഞാനുവർത്തികളായ ഏകാധിപതികൾ ഭരിക്കുന്ന നാടുകളിലേക്ക് കടത്തുക. അല്ലെങ്കിൽ അമേരിക്കൻ നീതിന്യായത്തിന്റെ പരിധിയിൽ പെടാത്ത സ്ഥലങ്ങളിൽ– ഉദാ: ഗ്വാണ്ടനാമോ– അവരെ പാർപ്പിക്കുക. അങ്ങനെയാവുമ്പോൾ തടവുകാരെ എത്ര മനുഷ്യത്വരഹിതമായി പീഡിപ്പിച്ചാലും, അമേരിക്കൻ നിയമം തടസ്സം നിൽക്കില്ല. ഈ 'അസാധാരണമായ ചീന്തിയെറിയൽ' അമേരിക്കൻ ജനായത്തക്രമത്തെ തന്നെ പരിഹാസ്യമാക്കുകയുണ്ടായി.

അമേരിക്കൻ രഹസ്യപ്പോലീസായ സി.ഐ.എ ഇങ്ങനെ രഹസ്യസങ്കേതങ്ങളിൽ പാർപ്പിച്ച 39 പേരെക്കുറിച്ച് ഇതുവരെ യാതൊരു വിവരവുമില്ലെന്നാണ് ആറ് പ്രമുഖ മനുഷ്യാവകാശ സംഘടനകൾ പരാതിപ്പെട്ടത്. കാണാതായവരിൽ കുട്ടികളുമുണ്ട്. പാകിസ്താൻ, ഇറാൻ, ഇറാഖ്, സുഡാൻ, സോമാലിയ എന്നീ നാടുകളിൽനിന്ന് പിടികൂടപ്പെട്ടവരാണ് ഇവരിലധികവും. ആംനസ്റ്റി ഇന്റർനാഷനൽ, ഹ്യൂമൻ റൈറ്റ്സ് വാച്ച്, സെന്റർ ഫോർ ഹ്യൂമൻ റൈറ്റ്സ്, ഗ്ലോബൽ ജസ്റ്റിസ്, സെന്റർ ഫോർ കോൺസ്റ്റിറ്റ്യൂഷനൽ റൈറ്റ്സ്, കെയ്ജ് പ്രിസണേഴ്സ്, റിപ്രീവ് എന്നീ മനുഷ്യാവകാശ സംഘടനകൾ ചേർന്ന് കാണാതായവരെ കണ്ടെത്തണമെന്ന് ആവശ്യപ്പെട്ടും അതിന്റെ മുഴുവൻ ഉത്തരവാദിത്വവും അമേരിക്കൻ ഭരണകൂടത്തിനാണെന്ന് കുറ്റപ്പെടുത്തിയും വിശദമായ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

"വർഷങ്ങളായി ഈ 39 പേരെക്കുറിച്ച് യാതൊരു വിവരവുമില്ല. അവർ യു.എസ് കസ്റ്റഡിയിൽ ഉണ്ടായിരുന്നുവെന്നതിന് തെളിവുകളുണ്ട്"– 'റിപ്രീവി'ന്റെ നിയമകാര്യ തലവനായ ക്ലൈവ് സ്റ്റാഫോഡ് സ്മിത്ത് പറഞ്ഞു. കാണാതായവരെക്കുറിച്ച് ഭരണകൂടം വിശദവിവരങ്ങൾ പുറത്തുവിടണമെന്ന് ആവശ്യപ്പെട്ട് ആംനസ്റ്റി അമേരിക്കൻ ഫെഡറൽ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

പുറം രാജ്യങ്ങളിൽനിന്ന് പിടികൂടിയ പതിനാലു പേരെ ഗ്വാണ്ടനാമോ തടവറയിലേക്ക് കൈമാറിയിട്ടുണ്ടെന്നും കസ്റ്റഡിയിൽ വേറെ തടവുകാർ ഇല്ലെന്നുമാണ് ബുഷ് ഇതുവരെ പറഞ്ഞിരുന്നത്. എന്നാൽ കഴിഞ്ഞ സെപ്റ്റംബറിൽ, സി.ഐ.എക്ക് വിദേശരാജ്യങ്ങളിൽ ഒളിസങ്കേതങ്ങളുണ്ടെന്ന് ഔദ്യോഗികമായി സമ്മതിക്കാൻ ബുഷ് നിർബന്ധിതനായി. ■

# ഹിലാലി സ്ഥാനമൊഴിഞ്ഞു, ശൈഖ് ഫഹ്മി പുതിയ മുഫ്തി

താജുദ്ദീൻ ഹിലാലി ഒടുവിൽ ആസ്ത്രേലിയൻ മുഫ്തി സ്ഥാനം ഒഴിഞ്ഞു. പതിനെട്ട് വർഷമായി മുഫ്തി സ്ഥാനത്ത് തുടരുന്ന അദ്ദേഹം കഴിഞ്ഞ വർഷം നടത്തിയ ഒരു പരാമർശം വലിയ ഒച്ചപ്പാടുകൾക്ക് വഴിവെച്ചിരുന്നു. ആ വിവാദപരാമർശം തന്നെയാണ് സ്ഥാനത്യാഗത്തിലേക്ക് വഴിവെച്ചതും. അനുദിനം നിർലജ്ജമായി വരുന്ന പാശ്ചാത്യ സംസ്കാരത്തെക്കുറിച്ച് പറയവെ, മാന്യമായി വസ്ത്രം ധരിക്കാത്ത സ്ത്രീകൾ 'തുറന്നു വെച്ച മാംസം' പോലെയാണെന്ന് അദ്ദേഹം ഉപമിക്കുകയുണ്ടായി. കാമാതുരന്മാരെ സ്ത്രീകൾ സ്വയം ക്ഷണിച്ചുവരുത്തുകയാണെന്ന് സൂചന. ഇത് സ്ത്രീത്വത്തെ അപമാനിക്കലാണെന്നും മുഫ്തിയെ പുറത്താക്കണമെന്നും മീഡിയയും 'സാംസ്കാരിക' സംഘടനകളും മുറവിളി കൂട്ടി. മുഫ്തിയെ നിശ്ചയിക്കുന്ന ആസ്ത്രേലിയൻ നാഷനൽ ഇമാം കൗൺസിലി(എ.എൻ.ഐ.സി)ലെ ഒരു വിഭാഗം അംഗങ്ങൾക്കും മുഫ്തിയുടെ അഭിപ്രായം ശരിയായില്ല എന്ന നിലപാടായിരുന്നു. മുഫ്തിയെ മാറ്റുകയാണ് നല്ലതെന്ന് ആസ്ത്രേലിയൻ ഭരണകൂടവും സൂചന നൽകി.

എന്നാൽ മുഫ്തി ഹിലാലിയെ അനുകൂലിച്ചുകൊണ്ട് ആസ്ത്രേലിയൻ പൊതുസമൂഹത്തിൽനിന്ന് നിരവധി പേർ രംഗത്തുവരികയുണ്ടായി. ബലാത്സംഗത്തിനിരയായ ഒരു സ്ത്രീയും അവരിൽപെടും. അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള അഭിപ്രായങ്ങൾ നല്ലൊരു സംവാദത്തിന്റെ തലത്തിലേക്ക് പ്രശ്നത്തെ കൊണ്ടെത്തിച്ചു. അതുകൊണ്ടാണ് ബാഹ്യസമ്മർദങ്ങളുണ്ടായിട്ടും നാഷനൽ ഇമാം കൗൺസിൽ താജുദ്ദീൻ ഹിലാലിയെ ആസ്ത്രേലിയൻ മുഫ്തി സ്ഥാനത്തേക്ക് വീണ്ടും തെരഞ്ഞെടുത്തത്. പക്ഷേ താൻ സ്ഥാനം സ്വീകരിക്കുന്നില്ലെന്ന് ഹിലാലി ഇമാം കൗൺസിലിനെ അറിയിച്ചു. ആരോഗ്യപ്രശ്നങ്ങളാണ് കാരണമായി പറഞ്ഞത്.

ആസ്ത്രേലിയയിൽ പൊതുസ്വീകാര്യനാണ് താജുദ്ദീൻ ഹിലാലി. 2005-ൽ മിഷൻ ഹോപ്പ് എന്ന സംഘടന അദ്ദേഹത്തിന് 'മുസ്ലിം മാൻ ഓഫ് ദ ഇയർ' അവാർഡ് സമ്മാനിക്കുകയുണ്ടായി. ഒരു ഇറാഖി മിലീഷ്യ തടവുകാരനാക്കിയ ഡഗ്ളസ് വുഡ് എന്ന ആസ്ത്രേലിയൻ വ്യാപാരിയെ മോചിപ്പിക്കാനായി അദ്ദേഹം 2005-ൽ ഇറാഖിൽ പോയിരുന്നു.

ശൈഖ് ഫഹ്മി നാജി അൽ ഇമാം (79) ആണ് പുതിയ മുഫ്തി. 23-ാമത്തെ വയസ്സിലാണ് അദ്ദേഹം ലബനാനിൽനിന്ന് മെൽബണിലെത്തിയത്. ആസ്ത്രേലിയയിൽ മുസ്ലിംസമൂഹത്തെ രൂപപ്പെടുത്തുന്നതിൽ അദ്ദേഹത്തിന് വലിയ പങ്കുണ്ട്. 1957-ൽ ശൈഖ് ഫഹ്മിയും കുറച്ചാളുകളും ചേർന്ന് വിക്ടോറിയയിൽ ആദ്യത്തെ ഇസ്ലാമിക കൂട്ടായ്മക്ക് രൂപം നൽകി. മതസൗഹാർദവും ബഹുസ്വരതയും പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 2001-ൽ ഫഹ്മിക്ക് രാജ്യത്തെ ഉയർന്ന പുരസ്കാരങ്ങളിലൊന്നായ *ഓർഡർ ഓഫ് ആസ്ത്രേലിയ* ലഭിക്കുകയുണ്ടായി. ■

# അൻവർ ഇബ്റാഹീം സജീവ രാഷ്ട്രീയത്തിലേക്ക്

വിദേശ രാജ്യങ്ങളിലെ അൽപകാലത്തെ അധ്യാപന ജീവിതത്തിനു ശേഷം ഡോ. അൻവർ ഇബ്റാഹീം മലേഷ്യൻ രാഷ്ട്രീയത്തിലേക്ക് തിരിച്ചെത്തുന്നു. “ദേശസ്നേഹിയായ ഒരു പൗരൻ എന്ന നിലക്ക് മലേഷ്യയിൽനിന്ന് വന്നുകൊണ്ടിരിക്കുന്ന അഴിമതിക്കഥകൾ എന്നെ വേദനിപ്പിക്കുന്നു. പലേടത്തും അടിസ്ഥാന സൗകര്യങ്ങളില്ലാതെ ജനങ്ങൾ കഷ്ടപ്പെടുന്നു. ഇതിന് പരിഹാരം കണ്ടില്ലെങ്കിൽ മലേഷ്യയുടെ കൊട്ടിഘോഷിക്കപ്പെടുന്ന പുരോഗതി മിഥ്യയായിത്തീരും. അടുത്ത പ്രധാനമന്ത്രിക്ക് അഭിമുഖീകരിക്കാനുള്ള പ്രധാന വെല്ലുവിളികൾ ഇതാണെന്ന് ഞാൻ കരുതുന്നു”- തിരിച്ചെത്തിയ ശേഷം *ഇസ്‌ലാം ഓൺലൈനി*ന് അനുവദിച്ച ഒരു ഇ-മെയിൽ അഭിമുഖത്തിൽ അൻവർ പറഞ്ഞു. താൻ സജീവ രാഷ്ട്രീയത്തിലേക്ക് ഇറങ്ങാൻ പോവുകയാണെന്ന സൂചനകളാണ് അഭിമുഖത്തിലുടനീളം.

മലേഷ്യയുടെ ധനകാര്യ മന്ത്രിയും ഉപപ്രധാനമന്ത്രിയും ആയിരുന്നു അൻവർ ഇബ്റാഹീം. മഹാതിർ മുഹമ്മദിന്റെ പിൻഗാമിയെന്ന് വിശേഷിപ്പിക്കപ്പെട്ട സമർഥനായ നേതാവ്. ആയിടക്കാണ് അൻവർ മഹാതീറുമായി ഇടഞ്ഞത്. അൻവർ എഴുതിയ Managing Change എന്ന പുസ്തകത്തിൽ മഹാതീറിനെ ചൊടിപ്പിക്കുന്ന ചില ആശയങ്ങളുണ്ടായിരുന്നു. തുടർന്ന് അഴിമതിയും സ്വവർഗ ലൈംഗികക്കുറ്റങ്ങളും ആരോപിച്ച് മഹാതീർ 1999-ൽ അദ്ദേഹത്തെ ജയിലിലടച്ചു. 2004 സെപ്റ്റംബറിൽ മലേഷ്യൻ ഫെഡറൽ കോടതി ലൈംഗികാരോപണങ്ങൾ തള്ളിക്കളയുകയും അൻവറിനെ ജയിൽമുക്തനാക്കുകയും ചെയ്തു.

പക്ഷേ, അഴിമതിയാരോപണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കോടതി അക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. 2008 ഏപ്രിൽ വരെ യാതൊരു വിധ രാഷ്ട്രീയ പങ്കാളിത്തവും പാടില്ലെന്ന് കോടതി വിലക്കിയിട്ടുമുണ്ട്. ഈ പശ്ചാത്തലത്തിൽ 'അൻവർ ഭീഷണി' ഒഴിവാക്കാൻ ഈ വർഷം ഒടുവിലോ അടുത്ത വർഷം ആദ്യത്തിലോ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തിയേക്കുമെന്ന സൂചനയുണ്ട്. അഴിമതിയാരോപണങ്ങളും കെടുകാര്യസ്ഥതയും ഭരണകക്ഷിയുടെ ജനസമ്മിതി വല്ലാതെ കുറച്ചിട്ടുണ്ട്. ഈ അവസരം മുതലാക്കാനാവുമെന്ന പ്രതീക്ഷയിലാണ് അൻവറിന്റെ പീപ്പ്ൾസ് ജസ്റ്റിസ് പാർട്ടി ഉൾപ്പെടെയുള്ള പ്രതിപക്ഷം. ഇസ്‌ലാമിക കക്ഷികളുമായി അദ്ദേഹം കൂട്ടുകൂടാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. തനിക്ക് മത്സരിക്കാനായില്ലെങ്കിലും തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കാൻ വിലക്കില്ലെന്നും അത് തന്റെ പാർട്ടിയുടെ വിജയസാധ്യത വർധിപ്പിക്കുമെന്നും അൻവർ പറഞ്ഞു. ■

# പ്രഹസനമായി മാറിയ ശൂറാ കൗൺസിൽ തെരഞ്ഞെടുപ്പ്

ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ഔദ്യോഗിക വെബ് സൈറ്റായ *ഇഖ്‌വാൻ ഓൺലൈനിൽ* വന്ന ഒരു ഫ്ളാഷ് ന്യൂസ്:

'കള്ളവോട്ടിംഗിന്റെ ഫലങ്ങൾ പുറത്തുവന്നിരിക്കുന്നു... ഫയൂം മണ്ഡലത്തിൽനിന്ന് ഭരണകക്ഷി സ്ഥാനാർഥി, ഇഖ്‌വാൻ സ്ഥാനാർഥി ഉസ്മാൻ ദിയാബിനേക്കാൾ ഒരു ലക്ഷത്തി അറുപത്തി അയ്യായിരം വോട്ടുകൾ നേടി വിജയിച്ചു.'

ഈജിപ്തിലെ പാർലമെന്റ് ഉപരിസഭ(ശൂറാ കൗൺസിൽ)യിലേക്ക് ജൂൺ പതിനൊന്നിന് നടന്ന തെരഞ്ഞെടുപ്പിൽ വ്യാപകമായ തിരിമറികൾ. മുഖ്യ പ്രതിപക്ഷമായ ഇഖ്‌വാനുൽ മുസ്‌ലിമൂൻ ശക്തി തെളിയിച്ച മണ്ഡലങ്ങളിൽ പലേടത്തും സൈന്യം ബൂത്തുകൾ കൈയേറി അടച്ചിട്ടു. ഇഖ്‌വാൻ അനുഭാവികളെ വോട്ട് ചെയ്യാൻ അനുവദിച്ചില്ല. അന്താരാഷ്ട്ര നിരീക്ഷകർക്കും ഈ മണ്ഡലങ്ങളിലേക്ക് പ്രവേശനമുണ്ടായിരുന്നില്ലെന്ന് മനുഷ്യാവകാശ പ്രവർത്തകനായ താരീഖ് സഗ്‌ലൂൽ പറഞ്ഞു.

264 അംഗ ശൂറാ കൗൺസിലിലേക്കാണ് തെരഞ്ഞെടുപ്പ് നടന്നത്. ഇതിൽ 176 പേരാണ് തെരഞ്ഞെടുക്കപ്പെടുക. ബാക്കി 88 പേരെ പ്രസിഡന്റ് നേരിട്ട് നോമിനേറ്റ് ചെയ്യും. ഹുസ്നി മുബാറക്കിന്റെ നാഷ്നൽ ഡെമോക്രാറ്റിക് പാർട്ടി 109 സ്ഥാനാർഥികളെ നിർത്തി. ഇഖ്‌വാൻ നിർത്തിയത് 17 പേരെ. മറ്റു ഇഖ്‌വാൻ സ്ഥാനാർഥികളെ 'ഭരണഘടനാ പരിഷ്കാരങ്ങൾ' കൊണ്ടുവന്ന് ഭരണകൂടം അയോഗ്യരാക്കി.

തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതിക്രൂരമായ മർദനമുറകളാണ് ഇഖ്‌വാൻ പ്രവർത്തകർക്ക് നേരിടേണ്ടിവന്നത്. ആറ് മാസത്തിനുള്ളിൽ ആയിരത്തിലധികം പേരെ അറസ്റ്റ് ചെയ്തു. തെരഞ്ഞെടുപ്പ് നടക്കുമ്പോൾ 160 ഇഖ്‌വാൻ ഇലക്ഷൻ ഏജന്റുമാരെ ജയിലിലടച്ചു. “ഇഖ്‌വാന്റെ രണ്ടാമതൊരു തെരഞ്ഞെടുപ്പു വിജയം ഭരണകൂടം സമ്മതിക്കുകയില്ല. അതിനാൽ ഈ മർദനമുറകളും വോട്ടിംഗ് തിരിമറികളും ഞങ്ങൾ നേരത്തേ പ്രതീക്ഷിച്ചതാണ്”-ഇഖ്‌വാൻ ഉപാധ്യക്ഷൻ മുഹമ്മദ് ഹബീബ് പറഞ്ഞു.

ശൂറാ കൗൺസിൽ തെരഞ്ഞെടുപ്പ് പ്രഹസനമായി മാറുകയായിരുന്നു. തെരഞ്ഞെടുപ്പിൽനിന്ന് വിട്ടുനിന്നുകൊണ്ടാണ് വോട്ടർമാർ പ്രതിഷേധിച്ചത്. 23 മില്യൻ വോട്ടർമാരിൽ പത്തു ശതമാനമേ വോട്ട് ചെയ്യാൻ വന്നുള്ളൂ എന്നാണ് റിപ്പോർട്ട്.

തെരഞ്ഞെടുപ്പു ഫലവും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഫലം വന്ന 77 സീറ്റിൽ 70-ഉം ഭരണകക്ഷിക്ക്! പ്രതിപക്ഷത്തുനിന്ന് ജയിക്കാനനുവദിച്ചത് ഒരാളെ മാത്രം. ഇടതുപക്ഷത്തിന്റെ പ്രതിനിധിയായ ഇയാൾക്ക് ഈ സീറ്റ് പ്രത്യുപകാരമായി നൽകിയതാണെന്നും സംസാരമുണ്ട്. ജയിച്ചതായി പ്രഖ്യാപിക്കപ്പെട്ട ബാക്കിയുള്ളവർ മുഴുവൻ സ്വതന്ത്രർ. 90 ശതമാനം സീറ്റുകൾ അടിച്ചെടുത്ത് ഇത്തവണയും ഹുസ്നി മുബാറക് 'വിജയം' ഗംഭീരമാക്കി. ഇഖ്‌വാൻ സീറ്റൊന്നുമില്ലാതെ 'തറപറ്റി'. ■

# ചേലാകർമം മികച്ച എയിഡ്സ് പ്രതിരോധം

പുരുഷന്മാരിൽ എയിഡ്സ് വ്യാപനം തടയുന്നതിനുള്ള ഫലപ്രദമായ പ്രതിരോധ മാർഗങ്ങളിലൊന്ന് ചേലാകർമ(circumcision) മാണെന്ന് എയിഡ്സ് വിദഗ്ധർ. പക്ഷേ, എയിഡ്സ് എന്ന മാരകരോഗത്തിന്റെ പിടിയിലമർന്ന ദക്ഷിണാഫ്രിക്കയിൽ ഈ പ്രതിരോധമാർഗം സ്വീകരിക്കുന്നതിൽ ഉദാസീനത കാണിക്കുന്ന അധികൃതരുടെ നിലപാടിൽ അവർ രോഷാകുലരാണ്. "കൂട്ട ചേലാകർമത്തിനുള്ള കാമ്പയിൻ തുടങ്ങുകയാണെങ്കിൽ അതിനെ ഞാൻ പിന്തുണക്കും"- ദർബനിലെ എച്ച്.ഐ.വി/ എയിഡ്സ് റിസർച്ച് സെന്ററിലെ നെയ്ൽ മർട്ടിൻസൺ ദക്ഷിണാഫ്രിക്കയിൽ നടന്ന ദേശീയ എയിഡ്സ് സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു (എ.എഫ്.പി റിപ്പോർട്ട്).

ദക്ഷിണാഫ്രിക്കയിൽ ചില ഗോത്ര വർഗങ്ങൾക്കിടയിൽ പരമ്പരാഗതമായി വ്യത്യസ്ത രീതികളിൽ ചേലാകർമ സമ്പ്രദായം നിലനിൽക്കുന്നുണ്ട്. എല്ലാ ഗോത്രങ്ങളും ഇത് സ്വീകരിച്ചിട്ടില്ല. കവാസുലു നതാൽ യൂനിവേഴ്സിറ്റിയിലെ ആരോഗ്യ വിഭാഗം പ്രഫസർ അലൻ വൈറ്റ് സൈഡ് നിർദേശിക്കുന്നത്, പൊതു ആശുപത്രികളിൽ ജനിച്ചു വീഴുന്ന ഓരോ ആൺകുഞ്ഞിനെയും ചേലാകർമം ചെയ്തിരിക്കണമെന്നാണ്. പുരുഷ ജനനേന്ദ്രിയത്തിന്റെ അറ്റത്തുള്ള തൊലിക്കിടയിൽ എച്ച്.ഐ.വി വൈറസ് തങ്ങിനിൽക്കാനുള്ള സാധ്യത കൂടുതലാണെന്നാണ് പഠനറിപ്പോർട്ട്.

ലോകാരോഗ്യ സംഘടനയും (WHO) ചേലാകർമം എന്ന ആശയം മുന്നോട്ടുവെച്ചിട്ടുണ്ട്. ആഫ്രിക്കയിൽ ഇതു സംബന്ധമായി നടത്തിയ മൂന്ന് പഠനങ്ങളിൽ, ചേലാകർമം ചെയ്തവർക്ക് എച്ച്.ഐ.വി രോഗാണു ബാധിക്കാനുള്ള സാധ്യത 60 ശതമാനം വരെ കുറയാം എന്ന് കണ്ടെത്തുകയുണ്ടായി. കെനിയ, മലാവി, സ്വാസിലാന്റ്, സിംബാബ്വേ, മൊസാംബിക്ക്, താൻസാനിയ എന്നീ നാടുകൾ പുരുഷന്മാരിൽ വ്യാപകമായി ചേലാകർമം നടത്താനുള്ള പദ്ധതികൾ തയാറാക്കിയിട്ടുണ്ട്. ദക്ഷിണാഫ്രിക്ക ഇക്കാര്യത്തിൽ കാര്യമായൊന്നും ചെയ്യുന്നില്ല. "ഇത് ഞങ്ങളുടെ വ്യക്തിപരമായ അഭിപ്രായമല്ല. ലോകാരോഗ്യ സംഘടനയുടെ തന്നെ നിർദേശമാണ്"- ഇതു സംബന്ധമായി ആദ്യ പഠനങ്ങൾ നടത്തിയ ദക്ഷിണാഫ്രിക്കയിലെ ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് റിസർച്ചിലെ ബെർട്രാൻ ഓവർട്ട് പറഞ്ഞു. ■